**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോട്ടയം ജില്ല – ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി – ഔപചാരിക അന്വേഷണത്തിന് കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി – ഉത്തരവ് പുറപ്പെടുവിക്കുന്നു

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2599/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 09.10.2018

===========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.02.2015-ലെ ഇ 5(എസ് സി 42/14/ഇആർകെ)23278/14 നമ്പർ കത്ത്

2. സർക്കാരിന്റെ 11.01.2016-ലെ 251/ഇപിബി2/2015/തസ്വഭവ നമ്പർ കുറ്റപത്രം
3. സർക്കാരിന്റെ 11.01.2017-ലെ 251/ഇപിബി2/2015/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
4. പഞ്ചായത്ത് ഡയറക്ടറുടെ 23.06.2018-ലെ ഡി5-761/2016 നമ്പർ കത്ത്

20/10/18

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ 17.09.2014 ൽ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിൽ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു ഹൈജീനിക് ഫിഷ് മാർക്കറ്റിലെ സ്റ്റാളുകൾ അലോട്ട് ചെയ്ത് നൽകിയ ലൈസൻസികളുമായി അത് സംബന്ധിച്ച എഗ്രിമെന്റ് പഞ്ചായത്ത് വച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച ഫയലിൽ ഒരു രേഖപ്പെടുത്തലുകളും ഇല്ലാത്ത ബാങ്ക് മുദ്രപ്പത്രമാണ് ഉണ്ടായിരുന്നതെന്നും ലേലദിവസം ലേലഡയറി തയ്യാറാക്കിയിട്ടില്ലെന്നും വാടക രജിസ്റ്റർ പരിശോധിച്ചതിൽ വാടക പിരിച്ചെടുക്കുന്നതിൽ വൻതുക കുടിശ്ശിക വരുത്തിയിട്ടുള്ളതായും ലേലവും ലൈസൻസുകളും സംബന്ധിച്ച റെക്കോർഡുകൾ ശരിയായി പരിപാലിച്ചിട്ടില്ലായെന്നും വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ടി ക്രമക്കേടുകൾക്കുത്തരവാദികളായ ഏറ്റുമാനൂർ ഗ്രാമപഞ്ചായത്തിലെ മുൻ സെക്ഷൻ ക്ലാർക്ക് ശ്രീ. ജയശങ്കർ, മുൻ സെക്രട്ടറിമാരായ ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ വിജിലൻസ് വകുപ്പ് ശുപാർശ ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ മുൻ സെക്ഷൻ ക്ലാർക്ക് ശ്രീ. ജയശങ്കർ, മുൻ സെക്രട്ടറിമാരായ ശ്രീ. സൈമൺ വർഗ്ഗീസ് എന്നിവർക്ക് പരാമർശം (2) പ്രകാരം കഠിനശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു എന്നാൽ ശ്രീ. സൈമൺ വർഗ്ഗീസ് 30.11.2015-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ടിയാന് നൽകിയ കാരണം കാണിക്കൽ നോട്ടീസ് പഞ്ചായത്ത് ഡയറക്ടർ തിരികെ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി. തുടർന്ന് ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവരുടെ പ്രതിമാസ പെൻഷനിൽ നിന്നും 300/- രൂപ വീതം രണ്ടു വർഷത്തേയ്ക്കുകുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. സൈമൺ വർഗ്ഗീസ് സമർപ്പിച്ച മറുപടിയിൽ ലേലം നടന്നത് 22.10.2013-ലും പുനർലേലം നടന്നത് 05.02.2014 ലും ആയിരുന്നുവെന്നും അക്കാലയളവിൽ സെക്രട്ടറിയായി ചുമതല വഹിച്ചിരുന്നത് ശ്രീ. വിരേന്ദ്രൻ ആയിരുന്നുവെന്നും തന്റെ കാലയളവ് 17.6.14 മുതൽ 28.9.14 വരെയായിരുന്നുവെന്നും ലേലവുമായി ബന്ധപ്പെട്ട നടപടികൾ കഴിഞ്ഞതിനുശേഷമാണ്

ജോലിയിൽ പ്രവേശിക്കുന്നതെന്നും 2015 നവംബർ മാസത്തിൽ സേവനത്തിൽ നിന്നും വിരമിച്ചതാണെന്നും അറിയിച്ചിട്ടുണ്ട്. ആരോപിച്ച കുറ്റങ്ങളൊന്നും ചെയ്തിട്ടില്ലെന്നും മേൽനോട്ടക്കുറവുണ്ടായിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

ശ്രീ. ഒ.എസ്. വീരേന്ദ്രൻ തന്റെ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ലേലം നടത്തിയത് നിയമാനുസൃതമാണെന്നും ലേല ഡയറിയിൽ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളതാണെന്നും പഞ്ചായത്ത് ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടുള്ളതാണെന്നും സ്ഥലം മാറിയതിനുശേഷം നടന്ന അന്വേഷണത്തിൽ അന്വേഷണസമയത്ത് രേഖകൾ ഹാജരാക്കാത്തതിനാലാണ് റിപ്പോർട്ടിൽ പരാമർശമുണ്ടാകാൻ കാരണമെന്നും അറിയിച്ചിട്ടുണ്ട്. ലേലം കൈകൊണ്ടയാളുമായി എഗ്രിമെന്റ് വെക്കുന്നതിനു ക്ലർക്കിനെ ചുമതലപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചു ഇത് സംബന്ധമായി പെർഫോമൻസ് ആഡിറ്റ് റിപ്പോർട്ടിലോ ലോക്കൽ ഫണ്ട് ആഡിറ് റിപ്പോർട്ടിലോ പരാമർശങ്ങളൊന്നും വന്നിട്ടില്ലാത്തതാണെന്നും അറിയിച്ചു

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ പഞ്ചായത്ത് നഗരസഭയായി മാറ്റപ്പെട്ടപ്പോൾ ഇതുമായി ബന്ധപ്പെട്ട ഫയലുകൾ ലഭ്യമല്ലായെന്നും നഗരസഭ സെക്രട്ടറി സേർച്ച് നോട്ടീസ് പുറപ്പെടുവിച്ചുവെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ലായെന്നുമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പെൻഷനിൽ കുറവ് വരുത്തുകയെന്നത് കഠിനശിക്ഷയായതിനാൽ ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പ് ഈ വിഷയത്തിന്മേൽ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ട് എന്ന് കാണുന്നു ആരോപണങ്ങളുമായി ബന്ധപ്പെട്ട ഫയൽ ഇല്ലായെന്ന കാര്യം അന്വേഷണത്തിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനോടൊപ്പം ടി വിഷയവുമായി ബന്ധപ്പെട്ട വിജിലൻസ് അന്വേഷണ റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ പരിശോധിച്ച് ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സൈമൺ വർഗ്ഗീസ്, ശ്രീ. ഒ.എസ്. വീരേന്ദ്രൻ എന്നിവർക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ശ്രീ. ഒ.എസ്. വീരേന്ദ്രൻ, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
4. ശ്രീ. സൈമൺ വർഗ്ഗീസ്, മുൻ സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പ്രസിഡന്റ്/സെക്രട്ടറി, ഏറ്റുമാനൂർ ഗ്രാമപഞ്ചായത്ത്
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/251/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ